**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1617** **11.08.2017-ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന വകുപ്പിലെ സ്ഥലംമാറ്റങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) ആർ. ടി. ഓഫീസുകളിലെ ഉദ്യോഗസ്ഥന്മാരെ സ്ഥലം മാറ്റുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;<br><br>(ബി) ഒരു ഉദ്യോഗസ്ഥൻ ഒരേ ഓഫീസിൽ എത്ര വർഷം തുടർച്ചയായി ജോലി ചെയ്താലാണ് അയാളുടെ സ്ഥലം മാറ്റത്തിനുള്ള അപേക്ഷ പരിഗണിക്കുക എന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം, 11.05.2011-ലെ ജി.ഒ(എം.എസ്) നം.26/11/ട്രാൻസ്, 05.06.2012-ലെ ജി.ഒ.(എം.എസ്) നം.32/2012/ട്രാൻസ് എന്നീ ഉത്തരവുകൾ പ്രകാരമാണ് നടന്നു വരുന്നത്. ഇതു പ്രകാരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികകളിൽ ഒരേ ഓഫീസിൽ ഒരു വർഷവും മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികകളിൽ ഒരേ ഓഫീസിൽ രണ്ട് വർഷവും ആണ് സേവനകാലാവധി നിജപ്പെടുത്തിയിരിക്കുന്നത്. സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് സർക്കാർ പുറപ്പെടുവിച്ച 25.02.2017-ലെ ജി.ഒ.(പി)നം.3/2017/ഉഭപവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഈ വകുപ്പിന് മാത്രമായി പൊതുസ്ഥലംമാറ്റം സംബന്ധിച്ച പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. |
| (സി) മോട്ടോർ വാഹന വകുപ്പിൽ ഉദ്യോഗസ്ഥരെ ഒരു മാനദണ്ഡവുമില്ലാതെ | (സി) മോട്ടോർ വാഹന വകുപ്പിൽ ഒരു മാനദണ്ഡവുമില്ലാതെ സ്ഥലംമാറ്റങ്ങൾ നടത്തുന്നില്ല. |

| | | | |
|---|---|---|---|
| | സ്ഥലം മാറ്റുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരത്തിലുള്ള സ്ഥലം മാറ്റങ്ങൾക്കുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ; | | |
| (ഡി) | വിജിലൻസ് പരാമർശമുള്ള ഉദ്യോഗസ്ഥരെ ചെക്ക് പോസ്റ്റിൽ നിയമിക്കാൻ പാടില്ലെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഈ ഉത്തരവ് എപ്പോഴാണ് പുറപ്പെടുവിച്ചതെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ ; | (ഡി) & (ഇ) | വിജിലൻസ് പരാമർശമുള്ള ഉദ്യോഗസ്ഥരെ ചെക്ക് പോസ്റ്റിൽ നിയമിക്കാൻ പാടില്ലെന്ന പൊതുവായ സർക്കാർ ഉത്തരവ് നിലവിലില്ല. എന്നാൽ വിജിലൻസ് കേസുകളിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥരെ ചെക്ക്പോസ്റ്റ് ഡ്യൂട്ടിക്കായി നിയമിക്കരുതെന്ന് വിജിലൻസ് ശുപാർശ ചെയ്യുകയാണെങ്കിൽ അത്തരം കേസുകളിൽ അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ഇ) | പ്രസ്തുത ഉത്തരവിന്റെ മറവിലാണ് ഇത്തരത്തിൽ സ്ഥലം മാറ്റങ്ങൾ നടക്കുന്നതെന്നത് എന്ന ആക്ഷേപം ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ